"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം-ശ്രീമതി.മീര.എ.എസ് (അസിസ്റ്റന്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്)ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.12/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/01/2021

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന.

3 07.03.2019-ലെ സ.ഉ(സാധാ)നം.543/2019/തസ്വഭവ

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.01.2020-ലെ 2841/ഇ1/2019/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

5 29.04.2020-ലെ സ.ഉ(പി)നം.52/2020/ധന

6 29.05.2020-ലെ സ.ഉ(പി)നം.69/2020/ധന.

ഉത്തരവ്

അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ അസിസ്റ്റന്റായ ശ്രീമതി.മീര.എ.എസ്-നെ പരാമർശം(3) ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 07.05.2020ന് അവസാനിച്ചതായും 08.05.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർഷം(4)-ലെ കത്തു പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് 19-ന്റെ വ്യാപനത്തിന്റെ ഫലമായി 25.03.2020-ൽ സംസ്ഥാനത്ത് ലോക്ക് ഡൌൺ നിലവിൽ വന്നതിനാൽ, ലോക്ക്ഡൌൺ കാലയളവിൽ ഡെപ്യൂട്ടേഷൻ അവസാനിക്കുന്ന ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ പരാമർശം(5) പ്രകാരം 31.05.2020 വരെയും തുടർന്ന് പരാമർശം(6) പ്രകാരം 30.06.2020 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുള്ള സാഹചര്യത്തിൽ, ശ്രീമതി. മീര.എ.എസ്-ന്റെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം(1) സർക്കുലറിലെയും പരാമർശം(2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01.07.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ,തിരുവനന്തപുരം

ശ്രീമതി.മീര.എ.എസ്(അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ